പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നം : **84** 28.09.2011 — ലെ മറുപടിക്ക്

**കയർ** വ്യവസായം നേരിടുന്ന പ്രതിസന്ധി

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി. യു. കുരുവിള | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| **(എ)** *സംസ്ഥാനത്ത് കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;* | (എ) *ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്* |
| **(ബി)** *എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;* | (ബി)<br>*കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച പ്രധാന നടപടികൾ ചുവടെ ചേർക്കുന്നു.*<br>• *കയർ സംഘങ്ങൾക്ക് പുനരുദ്ധാരണത്തിന്റെ ഭാഗമായി പ്രവർത്തനമൂലധനം നൽകുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.*<br>• *ഇപ്പോൾ കയർ പിരി മേഖലയിൽ നൽകി വരുന്ന 150 രൂപ കൂലി. വരുമാന ഉറപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി 200 രൂപയായി വർദ്ധിപ്പിക്കുന്ന പ്രൊപ്പോസൽ പരിഗണനയിലാണ്.*<br>• *കയർ മേഖലയിലെ നിലവിലുള്ള സഹകരണ സംഘങ്ങൾക്ക് ചെറിയ തരത്തിലുള്ള ഡീഫൈബറിംഗ് മെഷീനുകൾ സൗജന്യമായും, മറ്റ് മേഖലയിലുള്ളവർക്ക് സബ്സിഡി* |

നിരക്കിലും നല്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

- ചകിരി ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച തൊണ്ട് സംഭരണ പദ്ധതി പ്രകാരം തൊണ്ട് സംഭരണത്തിന്റെ ചുമതല മിനി ഡീഫൈബറിംഗ് മെഷീൻ നൽകിയ കയർ സഹകരണ സംഘങ്ങളെ ഏല്പ്പിക്കുന്നതും, തൊണ്ട് സംഭരണത്തിനാവശ്യമായ പ്രവർത്തന മൂലധനം നല്കുന്നതു മുൾപ്പെടെയുള്ള ഭേദഗതി പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്
- തൊഴിലാളികളുടെ അധ്വാന ഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനം ലക്ഷ്യമാക്കികൊണ്ട് ആധുനിക തരത്തിലുള്ള വിവിധ ഇനം കയർ പിരിക്കാവുന്ന ഉല്പാദന ക്ഷമത കൂടുതലുള്ള ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ വികസിപ്പിച്ചു വരുന്നു.
- സംഘങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ ഗോഡൗൺ, വർക്ക്ഷെഡ്, ടോയ്ലറ്റ് തുടങ്ങിയവയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾക്ക് ധനസഹായം അനുവദിച്ചു വരികയാണ്
- കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ മുഖാന്തിരം നടപ്പിലാക്കി വരുന്ന ക്രയ വില സ്ഥിരത പദ്ധതി കൂടുതൽ

ശക്തിപ്പെടുത്തി കയറ്റുമതിക്കാരിൽ നിന്നും പരമാവധി ഓർഡറുകൾ സ്വീകരിച്ച് ചെറുകിട ഉല്പാദക സംഘങ്ങൾക്ക് നൽകി കൂടുതൽ തൊഴിലും തൊഴിൽ അവസരങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

- കയർ ഫെഡ് മുഖാന്തിരം സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കുകയും അവർ ഉല്പാദിപ്പിക്കുന്ന കയർ ന്യായവില നൽകി സംഭരിക്കുകയും ചെയ്തുവരുന്നു.
- വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി ആലപ്പുഴയിലെ കണിച്ചുകുളങ്ങരയിൽ കയർ കോമ്പോസിറ്റ് ബോർഡ് ഫാക്ടറി സ്ഥാപിക്കുന്ന നടപടികൾ പുരോഗമിക്കുന്നു.
- കയറുല്പന്നങ്ങളുടെ വിപണനത്തിന് പൊതുസംവിധാനം എന്ന ലക്ഷ്യത്തോടെ കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യത്തിന് രൂപം നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.
- ഉല്പന്ന മേഖലയിലെ പ്രധാന ഉല്പന്നങ്ങളുടെ നിർമ്മാണത്തിന് തൊഴിലാളികൾക്ക് കുറഞ്ഞത് 285 രൂപ കൂലി ഈ മേഖലയിലെ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് ഉറപ്പാക്കി.

| | |
|---|---|
| | • 2011 ഓണക്കാലത്ത് 'ഒരു വീട്ടിൽ ഒരു കയറുല്പന്നം' പദ്ധതി നടപ്പിലാക്കി<br>• വിപണനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കൊൽക്കത്തയിൽ 'ബയർ സെല്ലർ മീറ്റ്' സംഘടിപ്പിച്ചു |
| (സി) ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിന് അന്യസംസ്ഥാനങ്ങളിൽ നിന്ന് ചകിരി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ | (സി)ഉണ്ട്.<br>സംസ്ഥാനത്ത് നിന്നും ശേഖരിക്കുന്ന ചകിരി തികയാതെ വന്നാൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും ആവശ്യാനുസരണം ചകിരി ലഭ്യമാക്കി സംഘങ്ങൾക്ക് നല്കുവാൻ കയർഫെഡിനെ പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ വർഷം ഈ പദ്ധതിയ്ക്കായി പ്രവർത്തന മൂലധനത്തിന് റിവോൾവിംഗ് ഫണ്ടായി ഉപയോഗിക്കുന്നതിന് 203.74 ലക്ഷം രൂപ കയർഫെഡിന് അനുവദിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ ഫൈബർ സബ്സിഡി, ട്രാൻസ്പോർട്ടേഷൻ സബ്സിഡി എന്നീ ഇനങ്ങളിൽ 293.05 ലക്ഷം രൂപ കയർഫെഡിന് സർക്കാർ അനുവദിച്ചിട്ടുണ്ട്. ചകിരി ക്ഷാമം പരിഹരിക്കാൻ കയർഫെഡ് ചകിരി സ്റ്റോക്ക് ചെയ്യുന്നുമുണ്ട്. |
| (ഡി) ഈ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | ഡി)<br>1. കയർ മേഖലയിലെ പെൻഷൻ 01/04/2011 മുതൽ 400 രൂപയായി വർദ്ധിപ്പിച്ചു. ആഗസ്റ്റ് മാസം വരെയുള്ള പെൻഷൻ പൂർണ്ണമായും നൽകി. സർക്കാർ ഇതിനായി 1145 ലക്ഷം രൂപ അനുവദിച്ച് കേരള കയർ തൊഴിലാളി ക്ഷേമനിധി |

| | |
|---|---|
| | ബോർഡിന് നൽകി |
| | 2. കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി കയർ തൊഴിലാളികൾക്ക് റിട്ടയർമെന്റ് ബെനിഫിറ്റ് സ്കീം നടപ്പിലാക്കി വരുന്നു. |
| | 3. ഉല്പന്ന നിർമ്മാണ മേഖലയിലെ പ്രധാന ഉല്പന്നങ്ങളുടെ നിർമ്മാണത്തിന് ഏറ്റവും കുറഞ്ഞ കൂലി 285 രൂപയായി ഉയർത്താൻ നടപടി സ്വീകരിച്ചു |
| | 4. കയർ പിരി മേഖലയിൽ 150 രൂപ കൂലി ഉറപ്പാക്കി. 200 രൂപയാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| | 5. തൊഴിലാളികൾക്ക് ആരോഗ്യകരമായ ചുറ്റുപാടിനായി സംഘങ്ങൾക്ക് ടോയിലറ്റ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കിവരുന്നു. |
| | 6. കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾക്ക് വിവാഹം, മക്കൾക്ക് ഉന്നത വിദ്യാഭ്യാസം, ചികിത്സ, അപകടമരണം, ശവസംസ്ക്കാരം തുടങ്ങിയ വയ്ക്കുള്ള ധനസഹായങ്ങൾ അനുവദിച്ചു വരുന്നു. |



സെക്ഷൻ ഓഫീസർ